പതിനാലാം കേരള നിയമസഭ

1-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2221 — 18.07.2016-ൽ മറുപടിക്ക്

## മെത്രാൻ കായലിലെ കൃഷിയേതര പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ. മോൻസ് ജോസഫ്
ഡോ.എൻ. ജയരാജ് :

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോട്ടയം ജില്ലയിലെ മെത്രാൻ കായൽ പ്രദേശത്തെ കൃഷി ഭൂമി ഉപയോഗപ്പെടുത്തി ഏതെങ്കിലും കാർഷികേതര പദ്ധതിക്ക് തത്വത്തിൽ അനുമതി നൽകിയിരുന്നോ; എങ്കിൽ എന്നാണ് ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വ്യക്ത മാക്കുമോ; | (എ) | കുമരകം മെത്രാൻ കായൽ പ്രദേശത്ത് "കുമരകം ഇക്കോ ടൂറിസം വില്ലേജ്" എന്ന പദ്ധതി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008, പാരിസ്ഥിതിക അനുമതി എന്നിവയ്ക്കു വിധേയമായി നടപ്പാക്കുന്നതിന് തത്വത്തിൽ അനുമതി നൽകിക്കൊണ്ട് 01/03/2016-ൽ സ.ഉ (കൈ) നമ്പർ 198/2016/റവന്യൂ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവ് 15/03/2016-ലെ സ.ഉ(കൈ) നം.279/16/റവന്യൂ ഉത്തരവ് പ്രകാരം സർക്കാർ റദ്ദാക്കിയിട്ടുള്ളതാണ്. |
| (ബി) | ഇതു സംബന്ധിച്ച ഏതെങ്കിലും ഉത്തരവ് സമീപകാലത്ത് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിൽ ഉപാധികൾ ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | ബാധകമല്ല |
| (സി) | പ്രസ്തുത ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ